പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 128. 18-03-2013 -ൽ മറുപടിക്ക്.

## വ്യാജവാറ്റും വ്യാജചാരായ വില്പനയും തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>" പി. ശ്രീരാമകൃഷ്ണൻ:<br>" ബി. സത്യൻ:<br>" എസ്. രാജേന്ദ്രൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വ്യാജവാറ്റും വ്യാജചാരായ വില്പനയും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി, സംസ്ഥാനത്ത് ഇപ്പോൾ വ്യാജവാറ്റും, വ്യാജചാരായ വില്പനയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം, എക്സൈസ്, പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നുമുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജചാരായ കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെടുകയുണ്ടായി; | (ബി) | 611 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും പ്രസ്തുത കാലയളവിൽ എടുത്ത കേസുകളിൽ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചവ എത്ര; അവശേഷിക്കുന്നവ എത്ര; എത്ര കേസുകളിലായി എത്ര പേർ അറസ്റ്റു ചെയ്യാൻ ബാക്കി നില്പുണ്ട്? | (സി) | എക്സൈസ് വകുപ്പ്, 11734 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 3270 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനുണ്ട്. 325 കേസുകളിൽ മൊത്തം 373 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ